# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നം. ജി2/34701/2011.

തൈക്കാട്, തിരുവനന്തപുരം,
തീയതി: 15/06/2012

ട്രെയിനിംഗ് ഡയറക്ടർ.

പ്രിൻസിപ്പാൾ,
ഐ.ടി.ഐ.

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- എസ്.സി.വി.ടി ട്രേഡ് ടെസ്റ്റ് മാർച്ച് 2012 - തുടർ നടപടി - സംബന്ധിച്ച്.
*****************

താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവ്വം മനസ്സിലാക്കി അതു പ്രകാരം നടപടികൾ കൈക്കൊള്ളുവാൻ നിർദ്ദേശിക്കുന്നു.

1. <u>പി.എസ്.ടി.സി./'ബി' ഫോറം വിതരണം</u>

2012 മാർച്ചിൽ നടന്ന സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് ട്രേഡ് ടെസ്റ്റ് ഫലം 11/06/2012-ന് പ്രസിദ്ധീകരിച്ചിരുന്നു. 2012 മാർച്ചിൽ നടന്ന സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് ട്രേഡ് ടെസ്റ്റിന്റെ ബി ഫാറവും പി.എസ്.ടി.സി.യും ഈ ഓഫീസിൽ നിന്നും വിതരണം നടത്തുന്നതിന് തയ്യാറായിട്ടുണ്ട്. 25/06/12ന് മുമ്പ് പ്രത്യേക ദൂതൻ മുഖാന്തിരം കൈപ്പറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്..

2. <u>റീ-കൗണ്ടിംഗ്</u>

ട്രെയിനികൾക്ക് എഴുത്ത് പരീക്ഷയിൽ ഏതെങ്കിലും വിഷയത്തിന് ലഭിച്ചിട്ടുള്ള മാർക്കിന്മേൽ റീ-കൗണ്ടിംഗ് വേണമെന്നുണ്ടെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. (അപേക്ഷാ ഫോറത്തിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു.) സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ നിശ്ചിത ഫീസ്

ഒടുക്കി അസൽ ചെല്ലാൻ രസീത് സഹിതം 30/06/2012 നു മുമ്പായി ബന്ധപ്പെട്ട സർക്കാർ ഐ.ടി.ഐ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾ മുഖാന്തിരമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഐ.ടി.ഐ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾ പ്രസ്തുത അപേക്ഷ 05 /07/2012, 3 മണിക്ക് മുൻപായി ശ്രീ.ബി.ബാലചന്ദ്രൻ, ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ ട്രെയിനിംഗ് ഡയറക്ടറേറ്റിൽ എത്തിച്ചിരിക്കണം. 0230-എൽ&ഇ-00 -800-അദർ റസീപ്റ്റ്സ്- 88-അദർ ഐറ്റംസ് എന്ന ശീർഷകത്തിൽ തോറ്റവിഷയത്തിന് 10/- രൂപയും ജയിച്ച വിഷയത്തിന് 25/- രൂപയുമാണ് ഫീസിനത്തിൽ ഒടുക്കേണ്ടത്. മതിയായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതോ, ഒറിജിനൽ ചെലാൻ രസീത് വച്ചിട്ടില്ലാത്തതോ, അവസാന തീയതിക്കു ശേഷം ലഭിക്കുന്നതോ ആയ അപേക്ഷകൾ റീ-കൗണ്ടിംഗിനായി പരിഗണിക്കുന്നതല്ല. റീ-കൗണ്ടിംഗിനു ശേഷം അപേക്ഷകരായ ട്രെയിനികളുടെ റിസൽട്ടിൽ മാറ്റമുണ്ടായിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ട്രെയിനിയെ നേരിട്ട് അറിയിക്കുന്നതാണ്. റീ-കൗണ്ടിംഗ് റിസൽട്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ ആയത് അടുത്ത സപ്ലിമെന്ററി ട്രേഡ് ടെസ്റ്റിന് അപേക്ഷിക്കാതിരിക്കുന്നതിന് കാരണമാക്കാവുന്നതല്ല.

3. 2012 ആഗസ്റ്റിൽ നടക്കുന്ന സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് ട്രേഡ് ടെസ്റ്റിനെ സംബന്ധിച്ച വിശദ വിവരങ്ങളടങ്ങുന്ന വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

4. സർക്കാർ ഐ.ടി.ഐ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ 'ബി' ഫോറങ്ങൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്. മാർക്കുകളിലോ മറ്റ് ഏതെങ്കിലും എൻട്രികളിലോ പിശകുകൾ പറ്റിയതായി കണ്ടാൽ ആയത് ഡെപ്യൂട്ടി ഡയറക്ടറുടെ (ട്രേഡ് ടെസ്റ്റ്) ശ്രദ്ധയിൽപ്പെടുത്തി തിരുത്തലുകൾ വരുത്തിയതിനുശേഷം സർട്ടിഫിക്കറ്റുകൾ തയ്യാറാക്കി വിതരണം ചെയ്താൽ മതിയാകും.

താങ്കളുടെ വിശ്വസ്തൻ,

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്.

B. SREEKUMAR
ADDL. DIRECTOR OF TRAINING

പി.സി.13/06.

## സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് ട്രേഡ് ടെസ്റ്റ് മാർച്ച് 2012

## റീ-കൗണ്ടിംഗ് അപേക്ഷ ഫോറം

1. അപേക്ഷകന്റെ പേരും മേൽ വിലാസവും (പിൻകോഡ് സഹിതം) :
2. ട്രേഡ് :
3. റോൾ നമ്പർ :
4. സർക്കാർ ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐയുടെ പേര് :
5. റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയം/വിഷയങ്ങൾ:
6. റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയത്തിന് സെഷണൽ ഒഴികെ ഇപ്പോൾ ലഭിച്ചിട്ടുള്ള മാർക്ക് : 1.
   : 2.
   : 3.
7. ഈ പരീക്ഷയിൽ ജയിച്ചോ/തോറ്റോ :
8. അപേക്ഷ ഫീസ് ഒടുക്കിയ വിവരം
   (എ) ചെല്ലാൻ നമ്പർ :
   (ബി) തുക :
   (സി) ട്രഷറിയുടെ പേര് :

### സത്യപ്രസ്താവന

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ ഞാൻ പ്രതിജ്ഞ ചെയ്യുന്നു. അപേക്ഷയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമോ, അപേക്ഷ നൽകിയിട്ടുള്ളത് നിർദ്ദേശങ്ങൾക്ക് അനുസൃതമോ അല്ലെങ്കിൽ ഈ അപേക്ഷ നിരുപാധികം നിരസിക്കുന്നതിന് ഞാൻ സമ്മതിച്ചിരിക്കുന്നു.

അപേക്ഷകന്റെ ഒപ്പ്

### സാക്ഷ്യപത്രം

..................................................എന്ന ട്രെയിനി 2012 മാർച്ചിൽ .......................... ..................................സർക്കാർ ഐ.ടി.ഐ/പ്രൈവറ്റ് ഐ.ടി.ഐ യിൽ നിന്നും ........................... ട്രേഡിൽ പരീക്ഷ എഴുതിയ ട്രെയിനിയാണ്. ടി ട്രെയിനിയുടെ മേൽപറഞ്ഞിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :
തീയതി :

ഐ.ടി.ഐ/പ്രൈവറ്റ് ഐ.ടി.ഐ.പ്രിൻസിപ്പാൾ

പി.സി.13/06.